# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4638 — 29.6.2012-ൽ മറുപടിയ്ക്ക്

### പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സീഡ്-വെൻഡിംഗ് മെഷീനുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള : | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സീഡ്-വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്ന് സീഡ് വെൻഡിംഗ് മെഷിനുകൾ സർക്കാർ ധനസഹായത്തോടെ സ്ഥാപിക്കുന്നതിന് 2012—13 സാമ്പത്തിക വർഷം വി.എഫ്.പി.സി.കെ.യ്ക്ക് അനുമതി നൽകിയിട്ടുണ്ട്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും സീഡ് വെൻഡിംഗ് മെഷിനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ എവിടെയെല്ലാമാണ് മെഷീനുകൾ സ്ഥാപിക്കുന്നതെന്നും അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (ബി) | സീഡ് വെൻഡിംഗ് മെഷിനുകൾ ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്ന വിഷയം കൗൺസിലിന്റെ (വി.എഫ്.പി.സി.കെ) ഡയറക്ടർ ബോർഡ് തീരുമാനിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആർ.കെ.വി.വൈ സാമ്പത്തിക സഹായത്തോടുകൂടി 2011-12 വർഷത്തിൽ നടപ്പിലാക്കിയ വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് പദ്ധതിയിൽ തിരുവനന്തപുരം കളക്ട്രേറ്റ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആസ്ഥാനം എന്നിവിടങ്ങളിൽ സീഡ്-വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുകയും |

പാളയം സാഫല്യം കോംപ്ലക്സിൽ ഒരു സീഡ്-വെൻഡിംഗ് മെഷീൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആർ.കെ.വി.വൈ സാമ്പത്തിക സഹായത്തോടുകൂടി 2012-13 വർഷത്തിൽ നടപ്പിലാക്കുന്ന വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് പദ്ധതിയിൽ എറണാകുളം, കോഴിക്കോട് ജില്ലകളിൽ ജില്ലാ ആസ്ഥാനങ്ങൾ ഉൾപ്പെടെ 4 സ്ഥലങ്ങളിൽ വീതവും മറ്റ് 11 ജില്ലകളിൽ ജില്ലാ ആസ്ഥാനങ്ങളിലും സീഡ്-വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. മെഷീനിൽ 10 രൂപ നോട്ട് നിക്ഷേപിക്കുമ്പോൾ 5 ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ പായ്ക്കറ്റ് ഉപഭോക്താവിന് ലഭിക്കത്തക്ക വണ്ണമുള്ള രീതിയിലാണ് മെഷീൻ പ്രവർത്തിക്കുന്നത്.

(സി) ഇങ്ങനെ വിതരണം ചെയ്യുന്ന വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) വി.എഫ്.പി.സി.കെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിത്തുൽപാദനത്തിൽ പരിശീലനം സിദ്ധിച്ച കർഷകർ ഉൽപാദിപ്പിക്കുന്ന വിത്തുകൾ, പാലക്കാട് ആലത്തൂരിലുള്ള കൗൺസിലിന്റെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ലാബിൽ ശുദ്ധിയാക്കി എല്ലാവിധ പരിശോധനകളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷമാണ് സീഡ് വെൻഡിംഗ് മെഷീനുകൾ വഴി വിതരണം ചെയ്യുന്നത്.

(ഡി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും സീഡ്-വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

(ഡി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും സീഡ്-വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ